# <u>പ്രൊസ്ക്രസ്റ്റസ് ബെഡ്</u>

രാഷ്ട്രീയ സാമുദായിക സാംസ്കാരിക സംഘടനകളെല്ലാം തന്നെ ഇന്ന് നിലകൊള്ളുന്നത് വികസനത്തിനുവേണ്ടി എന്നതാണ് വാദം. നേതാക്കന്മാരിൽ പലരും സ്വന്തം ദാരിദ്രനിർമ്മാർജ്ജനത്തിനാണ് നിലകൊള്ളുന്നതെങ്കിലും ഒരു രൂപയ്ക്ക് അരി കിട്ടുന്ന നാട്ടിൽ ഒരു രാഷ്ട്രീയ പാർട്ടിയുടെയും അജണ്ട ദാരിദ്രനിർമ്മാർജ്ജനമാകില്ല. അഥവാ ആയാൽതന്നെ അവയ്ക്ക് നിലനിൽപ്പുണ്ടാകില്ല. മാത്രവുമല്ല, മൊബൈൽഫോണുകളിലൂടെ ഏറ്റവും അധികം ആശയവിനിമയം നടത്തുന്ന ഒരു ജനതയ്ക്കുമുമ്പിൽ വികസനമെന്ന വാക്യമുച്ചരിച്ചുകൊണ്ടല്ലാതെ എങ്ങനെ പ്രസംഗിക്കാൻ കഴിയും. നമ്മുളുകൊയ്യും വയലെല്ലാം നമ്മുടെതാകും പൈങ്കിളിയേ എന്ന ഗാനം കേരളത്തിൽ ഇനി മുദ്രാവാക്യമാക്കി ആരെയും ആവേശപുളകിതരാക്കാൻ സാധിക്കുകയില്ല. കളഞ്ഞുപോയ ദേശസ്നേഹത്തിന്റെ പഴം പകിട്ടിൽ എത്ര പ്രലോഭിച്ചാലും പ്രയോജനമുണ്ടാകില്ല. ഈ തിരിച്ചറിവിന്റെ രാഷ്ട്രീയമായി വേണം സമഗ്രവികസനമെന്നതും അതിവേഗം ബഹുദൂരമെന്നുമൊക്കെയുള്ള നമ്മുടെ മുന്നണികളുടെ തലവാചകങ്ങളെ വായിച്ചെടുക്കുവാൻ. എന്തുതന്നെയായാലും വികസനമെന്ന കാര്യത്തിൽ ഇപ്പോൾ ആരും വിട്ടുവീഴ്ചയ്ക്കില്ലന്നാണ് വയ്പ്.

അതുകൊണ്ടു തന്നെയാണ് ഒരു കാലത്ത് ADB യെന്നും ലോകബാങ്കെന്നുമൊക്കെ കേട്ടാൽ വികാരം കൊള്ളുന്നവർ പിന്നീട് വിധേയരായി മാറുന്നത്. കാർഷികരംഗമടക്കമുള്ളിടത്തെ യന്ത്രവൽക്കരണം തകർത്തെറിയുവാൻ നടന്നവർ അനുകൂലമായി അണിനിരക്കുന്നത്. കാർഷികരംഗത്ത് അടക്കം പല അടിസ്ഥാനമേഖലകളിലും നേരിടുന്ന തൊഴിലാളി ക്ഷാമം മുന്നിൽകണ്ടുകൊണ്ടുള്ള ഒരു പ്രവർത്തനമോ മുൻകരുതലോ നടത്താനാവാതെപോയ നേതൃത്വവും, ഏതെങ്കിലുമൊരിടത്തുനിന്ന് പ്രസ്തുത പ്രതികരണങ്ങളുണ്ടായാൽ അതിനെ തച്ചുതകർക്കാൻ നടന്നിരുന്ന നേതൃത്വവും ജനതയ്ക്ക് നൽകുന്നത് വികസനമല്ലന്ന കാര്യത്തിൽ സംശയമില്ല.

കാലഘട്ടത്തിനനുസൃതമായി ആശയങ്ങൾ രൂപീകരിക്കുവാനോ, അതിലൂടെ ജനതയെ നയിക്കുവാനോ നമ്മുടെ നേതൃത്വത്തിനു കഴിയുന്നുണ്ടോ എന്ന് പരിശോധിക്കുന്നിടത്താണ് വികസനത്തിന് വീർപ്പുമുട്ടിനിൽക്കുന്ന പല പ്രസ്ഥാനങ്ങളുടേയും യഥാർത്ഥമുഖം പ്രകടമാകുന്നത്. വികസനമെന്നത് പ്രകടനപത്രികയിലെ പ്രകടനങ്ങൾ മാത്രമായി പരിമിതപ്പെട്ടുപോകുന്നതുകൊണ്ടാണ് ഇന്നു നാം പല പ്രശ്നങ്ങളും നേരിടേണ്ടിവരുന്നതും അവയ്ക്കൊന്നും പരിഹാരമുണ്ടാക്കാൻ സാധിക്കാത്തതും.

മാലിന്യസംസ്കരണം മുഖ്യഅജണ്ടയാകുന്ന പല നഗരസഭകളുടേയും പരാജയം ജനം മൂക്കുപൊത്തിയും നേതാക്കൾ മൂക്കും മുഖവും പൊത്തിനടക്കുവാനും ഇടവരുത്തുന്നു. മുഖം പൊത്തിനടക്കുന്ന നേതൃത്വത്തിനും മുമ്പിലൂടെ മൂക്കുപൊത്തിയ ജനം കൈയ്യിലെ പ്ലാസ്റ്റിക്കുകൂടുമായി വീടിന്റെ വാതിൽ തുറന്ന് മെയിൻ റോഡോളം ചെന്ന് മാലിന്യം വലിച്ചെറിയുന്നു. ഇവിടെ ജനം കരുതിവെച്ചിരിക്കുന്നത് തങ്ങൾക്ക് മാലിന്യം സൃഷ്ടിക്കുവാനുള്ള അവകാശമുണ്ടന്നും, അത് ഇല്ലായ്മ ചെയ്യുവാൻ മറ്റാരോ വരുമെന്നുള്ളതുമാണ്. ഈ തരത്തിൽ മരവിച്ച ഒരു മനസ്ഥിതിയിലേക്ക് സമൂഹത്തെ നയിച്ചതിന്റെ ഉത്തരവാദിത്വം ദിശാബോധമില്ലാത്ത രാഷാട്രീയനേതൃത്വത്തിനാണ് സൂഷ്മമായി പരിശോധിച്ചാൽ മനസിലാക്കുവാൻ സാധിക്കുന്ന ഒരു കാര്യമാണ്,

വികസനത്തിന് അനുഗുണമായ ഒരു സമൂഹം നമുക്കിടയിൽ സൃഷ്ടിക്കപ്പെട്ടിട്ടില്ല. വികസനമെന്നത് എവിടെനിന്നോ കെട്ടിയിറക്കേണ്ടുന്ന എന്തോ ഒന്നാണെന്ന രീതിയിൽ നമ്മൾ ധരിച്ചുവച്ചിരിക്കുന്നു. വികസനമെന്ന വാഗ്ദാനലംഘനം നടത്തി വിരസമായ സാമൂഹിക അന്തരീക്ഷം സൃഷ്ടിച്ച രാഷ്ട്രീയ നേതൃത്വത്തിന്റെ പിടിപ്പുകേടാണ് യഥാർത്ഥത്തിൽ സമൂഹത്തിന്റെ ഈ മനസ്ഥിതിക്കുപിന്നിൽ. തന്ത്രശാലികളായ രാഷ്ട്രീക്കാർ അത് തങ്ങളുടെ പിടിപ്പുകേടിനപ്പുറം തന്ത്രപരമായ വിജയമാണന്ന് മനസിൽ ചിരിച്ചാൽകൂടി ഒന്നുറപ്പാണ് നിങ്ങളുടേതടക്കം അടുത്തതലമുറയോട് ചെയ്യുന്ന വലിയ പിടിപ്പുകേടാകും ഇതെന്ന കാര്യത്തിൽ സംശയമില്ല.

വികസനമെന്നാൽ എല്ലാവർക്കും മറ്റാരോ ചെയ്തുതരേണ്ടുന്ന സൗജന്യമാണെന്ന ധാരണ എങ്ങനെയാണ് സൃഷ്ടിക്കപ്പെടുന്നത്. ADB യും ലോകബാങ്കും മാത്രമല്ല ഇതര സമ്പന്ന രാജ്യങ്ങളുടെയും ധനസഹായത്തോടെയാണ് നമ്മുടെ വികസനപ്രവർത്തനങ്ങളിൽ ഏറിയ പങ്കും നടക്കുന്നത്. എന്തിന് ഏറെപ്പറയണം നമ്മുടെ പാർലമെന്റിൽ ചോദ്യങ്ങൾ ചോദിക്കാൻ വിദേശ ഫണ്ടിനെ അനുകൂലിക്കുന്നതും പ്രതികൂലിക്കുന്നതുമായ എംപിമാർക്ക് വരെ വിദേശസഹായം ആവശ്യമായി വന്നിരിക്കുകയാണ്. ഈ പരിതസ്ഥിതിയിൽ നടക്കുന്ന ചരച്ചകൾ നമ്മെ ധരിപ്പിക്കുന്നത് വികസനമെന്നാൽ സഹായമെന്നാണ്. എന്നാൽ അത് അർജിച്ചെടുക്കേണ്ടുന്ന ഒന്നാണെന്ന ബോധം പൗരനിലേക്ക് സൃഷ്ടിക്കുവാൻ സാധിക്കേണ്ടത് പരമപ്രധാനമാണ്. അതിന് നിരവധി കാരണങ്ങളുണ്ട്. വിദേശസഹായത്തോടെ നടക്കുന്ന പാതിയെത്തിനിൽക്കുന്ന പാതപണികളും കുടിവെള്ളം കിട്ടാത്ത കുടിവെള്ള പദ്ധതിക്കുമൊക്കെ നമുക്ക് പ്രത്യേകിച്ച് ഒന്നും നൽകുന്നില്ലെങ്കിലും ഈ സഹായമെന്ന കടത്തിന്റെ മുതലും പലിശയുമടക്കം കുമിഞ്ഞുകൂടി വരും തലമുറയെ ശ്വാസംമുട്ടിക്കും. അവർക്ക് സ്വന്തം നാട് നഷ്ടപ്പെടും. പാരതന്ത്ര്യത്തിന്റെ കയ്പുനീർ സ്വാതന്ത്ര്യത്തിന്റെ മധുരത്തിന്റെ ലഹരിയിലാണ്ടുപോയ നാമടക്കമുള്ള പൂർവ്വികർ അവർക്കായി പൈതൃകമായി നൽകും. അതിന്റെ ദുസൂചനകളാണ് ഇന്ന് നമ്മുടെ വികസനപ്രവർത്തനങ്ങളിലാകെ നിഴലിക്കുന്നത് അത്രകണ്ട് വികസനത്തെക്കുറിച്ച് ദീർഘവീക്ഷണമോ കർമ്മപദ്ധതികളോ ഇല്ലാത്തവരായി മാറിയിരിക്കുന്നു നമ്മുടെ ഭരണാധികാരികൾ. തങ്ങളുടെ നിലനിൽപ്പിനാവശ്യമായ രാഷ്ട്രീയ കളികൾക്കപ്പുറം ഭാവിയെ മുന്നിൽകണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ എവിടെയും ദർശിക്കാനാകുന്നില്ല. അധികാരം പങ്കിടുന്നതിലോ അധികാരം പിടിച്ചെടുക്കുന്നതിലോ ഉള്ള താല്പര്യത്തിൽ നിന്നാണ് നമ്മുടെ രാഷ്ട്രീയ ചർച്ചകളെല്ലാം നടക്കുന്നത്. ഇതിന് ചൂട്ടുപിടിച്ചുകൊണ്ട് മതസമുദായിക സാംസ്കാരിക സംഘടനകൾ ഗതിമാറ്റപ്പെട്ടിരിക്കുന്നു. സമുദായത്തിന്റേയോ നാടിന്റേയോ വികസനമെന്നതോ സേവനമെന്നതോ ഇന്ന് ഇത്തരം സംഘടനകൾക്കും അന്യമായിരിക്കുന്ന സമകാലീന വാർത്തകൾ നമുക്ക് വായിച്ചെടുക്കാവുന്നതാണ്.

എന്തുകൊണ്ടാണ് നിരവധി സാധ്യതകൾ ഉണ്ടായിട്ടും നമുക്ക് നമ്മുടെ സാധ്യതകളെ ഉപയോഗപ്പെടുത്താൻ കഴിയാതെ പോകുന്നത്? എന്തുകൊണ്ടാണ് ഏതെങ്കിലുമൊരു ചെറിയ പ്രശ്നംപോലും ഉടലെടുക്കുമ്പോൾ നാം പ്രശ്നപരിഹാരം പഠിക്കുവാൻ വിദേശയാത്രകൾക്കായി മെനക്കെടുന്നത്! നമ്മുടെ സാധ്യതകൾ നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയാതെ പോകുന്നതിനെപ്പറ്റി ചിന്തിക്കുമ്പോൾ ഞാൻ ഓർത്തുപോകുന്നത് പ്രൊക്രസ്റ്റസിന്റെ കട്ടിലിനെക്കുറിച്ചാണ്. ഓരോദിവസവും ഓരോ മാനവനെ ഭക്ഷണമാക്കുന്ന പ്രൊക്രസ്റ്റസ് എന്ന രാക്ഷസൻ, അതിനായി ദൗർഭാഗ്യവാനായ ഒരു മനുഷ്യനെ തെരഞ്ഞെടുക്കുന്നത് സ്വയം കൽപിച്ചുണ്ടാക്കിയ

ഒരു അളവുകട്ടിൽ ഉപയോഗിച്ചായിരുന്നു. തന്റെ കട്ടിലിന് ചേരാത്ത ആളുകളെ മാത്രമേ രാക്ഷസൻ ശാപ്പിടുകയുള്ളു. എന്നാൽ ഒരാൾപോലും പ്രൊക്രസ്റ്റസിന്റെ കട്ടിലിന് ചേരില്ല എന്നതായിരുന്നു യാഥാർത്ഥ്യം. നീളം കൂടുതലുള്ളവരെ വെട്ടിചേർച്ചയുണ്ടാക്കിയും, അതില്ലാത്തവരെ വലിച്ചുനീട്ടിയും രാക്ഷസൻ ജീവനെടുത്തു.

സാന്ദർഭികമായി ഇതു ഓർത്തുപോകുവാൻ കാരണം, കാലങ്ങളായി നാം നമ്മുടെ തലമുറയെ വളർത്തിയെടുത്തത് ഇതുപോലൊരു കട്ടിലിന്റെ അളവിനെ അടിസ്ഥാനപ്പെടുത്തിയാണ്. പടംവരയ്ക്കുന്നവനെയും, കഥയെഴുതുന്നവനേയും, ശില്പമുണ്ടാക്കുന്നവനേയും വാക്ചാതുര്യം ഉള്ളവനേയും വാനംനോക്കി വിസ്മയം കൊള്ളുന്നവനേയും യന്ത്രങ്ങളുടെ തന്ത്രങ്ങളെക്കുറിച്ച് ചിന്തിച്ചുനടക്കുന്നവരേയും എല്ലാം നാം പണസമ്പാദനത്തിന്റെ അടിസ്ഥാനത്തിൽ ഒരേതരം കട്ടിലുകൾ സൃഷ്ടിച്ചു. വെട്ടിമുറിച്ചും വലിച്ചുനീട്ടിയും നൈസർഗിക കഴിവുകൾ നശിപ്പിച്ചു. എന്നിട്ട് അസ്വസ്ഥമായ ജീവിതത്തിലേയ്ക്ക് അവരെ നയിച്ചു. പണസമ്പാദനസാധ്യതകൾക്കനുസരണമായി സീസണനുസരിച്ച് ഡോക്ടർമാർ, എൻജിനീയർമാർ, നഴ്സുമാർ, ടീച്ചർമാർ തുടങ്ങി നിരവധി വിഭാഗങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

ഇതിനപവാദമായി തങ്ങളുടെ മേഖലകൾ തിരിച്ചറിഞ്ഞ് അവയിലെത്തിച്ചേർന്ന് വിജയംവരിച്ചവരെ വിസ്മരിക്കുകയല്ല ഞാനിവിടെ. എന്നാൽ അത്തരക്കാർ ഒരു ന്യൂനപക്ഷമാണെന്ന് നാം തിരിച്ചറിയണം. ആനിലയിൽ വളർന്ന് വരുവാൻ എല്ലാവർക്കും സാധിച്ചെന്നുവരില്ല. അങ്ങനെയുള്ളവരെ തിരിച്ചറിഞ്ഞ് വളർത്തിയെടുക്കുവാൻ വേണ്ടുന്ന മനോഭാവം വളർത്തുവാനാണ് നാം ശ്രദ്ധിക്കേണ്ടത്. അതിനായിരിക്കണം നമ്മുടെ നേതൃത്വം അവരുടെ കഴിവ് വിനിയോഗിക്കേണ്ടത്. അതിനായിവേണം കർമ്മപദ്ധതികൾ സൃഷ്ടിക്കപ്പെടേണ്ടത്. അങ്ങനെ ഉണ്ടായാൽ സംശയമില്ല ഈ ലോകത്തെ ആകെ വിസ്മയിപ്പിക്കുന്ന നയിക്കുന്ന വലിയ വികസനപ്രവർത്തനങ്ങൾ തദ്ദേശീയമായി സൃഷ്ടിക്കുവാൻ നമുക്ക് സാധിക്കും. ഒരു വിദേശഫണ്ടിന്റെയും ആവശ്യമില്ലാതെ നമുക്ക് കൂട്ടായി നമ്മുടെ നാടിന്റെ വികസനത്തിന്റെ ഭാഗമായി മാറുവാൻ കഴിയും. ഈ മനോഭാവം സൃഷ്ടിക്കുവാൻ "ഇപ്പോൾ മാറും, മാറാൻ പോകുന്നു, മാറിയിരിക്കുന്നു" എന്ന് വൃഥാ പ്രഖ്യാപനം നടത്തുന്ന രാഷ്ട്രീയ നേതൃത്വമല്ല യഥാർത്ഥ മാറ്റത്തെ ഉൾക്കൊള്ളാൻ ശേഷിയുള്ള രാഷ്ട്രീയ നേതൃത്വമാണ് ഇനിവേണ്ടത്. അതുവഴി സാധ്യമാകേണ്ടത് സമൂഹത്തിന്റെ മാറ്റവുമാണ്. അതിനായി നമുക്ക് വരും തലമുറയെ ആശ്രയിക്കാം. അവരെ അണിയിച്ചൊരുക്കാം നാടിന്റെ വിജയത്തിനുവേണ്ടി.

റവ: ഡോ. എബ്രഹാം മുളമൂട്ടിൽ